# നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തെ നേരിട്ട കേരളത്തിൽ, നവകേരള സൃഷ്ടിക്കായി പരിശ്രമിക്കുന്നതോടൊപ്പം നാശോന്മുഖമായ പരിസ്ഥിതി-ജൈവവ-ആവാസവ്യവസ്ഥകളെക്കൂടി നമുക്ക് വീണ്ടെടുക്കാം!

പ്രാദേശികതലത്തിൽ പരിസ്ഥിതി-ജൈവ-ആവാസവ്യവസ്ഥകളുടെ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടൊപ്പം ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി. കൾ) നേതൃത്വം നൽകേണ്ടതാണ്.

**പരിസ്ഥിതി-ജൈവ-ആവാസവ്യവസ്ഥകളെ എപ്രകാരം വീണ്ടെടുക്കാം?**

- തദ്ദേശഭരണ സ്ഥാപനങ്ങളിൽ നാശോന്മുഖമായിട്ടുള്ള ആവാസവ്യവസ്ഥകളുടെയും ജൈവവൈവിധ്യത്തിന്റെയും കണക്കെടുപ്പ് നടത്തുക.
- ആവാസവ്യവസ്ഥകളെയും ജൈവവൈവിധ്യത്തെയും വീണ്ടെടുക്കുന്നതിനുള്ള ജൈവ വൈവിധ്യ കർമ്മ പദ്ധതി പ്രാദേശികതലത്തിൽ ബി.എം.സി. കളുടെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകൾ, അധ്യാപകർ, വിദ്യാർത്ഥികൾ, എന്നിവരെ ഉൾപ്പെടുത്തി പൊതുജന പങ്കാളിത്തത്തോടെ തയ്യാറാക്കുക.
- പ്രാദേശിക പരിധിയിൽ തന്നെ ജൈവ-ആവാസവ്യവസ്ഥകൾ കനത്ത ആഘാതമുണ്ടായ മേഖലകളെ വേർതിരിച്ച് മനസ്സിലാക്കി നിലവിലെ ഭൂവിനിയോഗ രീതികളിൽ മാറ്റമുണ്ടാക്കുക. ആയതിന് പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുക.
- പരിസ്ഥിതി-ജൈവ-ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിന് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ബി.എം.സി. കൾ നേതൃത്വം നൽകുക.
- കാർഷിക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുക. നെൽപ്പാടങ്ങളും പാടശേഖരങ്ങളും വീണ്ടെടുക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.
- പരിസ്ഥിതി-ജൈവ-ആവാസവ്യസ്ഥകളുടെ ശോഷണം തടയുന്നതിന് വാർഡുതലത്തിൽ ബി.എം.സി. യുടെ നേതൃത്വത്തിൽ പരിസ്ഥിതി-ജൈവവൈവിധ്യ കർമ്മസേനയ്ക്ക് രൂപം നൽകുക.
- അനധികൃത പാറമടകളുടെ പ്രവർത്തനം കർശനമായി തടയുക.
- മണലൂറ്റ്, കുന്നിടിക്കൽ, നിലംനികത്തൽ തുടങ്ങിയ പരിസ്ഥിതി-ആവാസവ്യവസ്ഥകൾക്ക് ആഘാതമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ തടയുന്നതിന് ജനകീയ പങ്കാളിത്തത്തോടെ ബി.എം.സി.കൾ നേതൃത്വം നൽകുക.
- സ്വാഭാവിക ആവാസവ്യവസ്ഥകളുടെ നിലനിൽപ്പിന് കോട്ടം വരുത്തുന്ന വികസന പ്രവർത്തനങ്ങളോ നിർമ്മാണ പ്രവർത്തനങ്ങളോ അനുവദിക്കാതിരിക്കുക.

പരിസ്ഥിതിയെയും ആവാസവ്യവസ്ഥയെയും ജൈവവൈവിധ്യത്തെയും പ്രാദേശികതലത്തിൽ സംരക്ഷിക്കുന്നതിന് നിയമപരമായി ചുമതലപ്പെട്ടിട്ടുള്ള ബി.എം.സി.കൾ കാര്യക്ഷമമായി പ്രവർത്തിച്ചു തുടങ്ങുക.